പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1748 — 17.06.2013-ൽ മറുപടിക്ക്

## ബാർ ലൈസൻസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സാജു പോൾ | ശ്രീ.കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) |

(എ) സംസ്ഥാനത്ത് എത്ര ബാർ ഹോട്ടലുകൾ പ്രവർത്തിക്കുന്നുണ്ട്; ഇവയുടെ ജില്ല തിരിച്ചുള്ള വിശദ വിവരം ലഭ്യമാക്കുമോ;

(എ) സംസ്ഥാനത്ത് 738 ബാർ ഹോട്ടലുകൾ പ്രവർത്തിക്കുന്നുണ്ട്. അവയുടെ ജില്ലതിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 88 |
| കൊല്ലം | 57 |
| പത്തനംതിട്ട | 24 |
| ആലപ്പുഴ | 38 |
| കോട്ടയം | 71 |
| ഇടുക്കി | 26 |
| എറണാകുളം | 182 |
| തൃശൂർ | 112 |
| പാലക്കാട് | 37 |
| മലപ്പുറം | 27 |
| കോഴിക്കോട് | 30 |
| വയനാട് | 11 |
| കണ്ണൂർ | 27 |
| കാസർഗോഡ് | 8 |

(ബി) 2013-14 സാമ്പത്തിക വർഷം ബാർ ലൈസൻസ് പുതുക്കുന്നതിന് കിസ്ത്ത് തുകയിൽ വർദ്ധനവ് വരുത്തിയോ;

(ബി) ലൈസൻസ് ഫീസിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്.

(സി) ബാർ ലൈസൻസ് പുതുക്കുന്നതിന് നിലവിലുള്ള കിസ്ത്ത് തുക എത്രയെന്നു വ്യക്തമാക്കാമോ; ക്ലാസ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) 2012-13 വർഷം, ബാർ ലൈസൻസ് ഫീസ് 22 ലക്ഷം രൂപ ആയിരുന്നു. 2013-14 വർഷത്തിൽ അത് 23 ലക്ഷം രൂപയായി ഉയർത്തി. എല്ലാ

ക്ലാസിൽപ്പെട്ട ബാർഹോട്ടലുകൾക്കും ലൈസൻസ് ഫീസ് 23 ലക്ഷം രൂപയാണ്.

(ഡി) സംസ്ഥാനത്ത് ബാർ ലൈസൻസ് ആവശ്യപ്പെട്ടുള്ള എത്ര അപേക്ഷകൾ തീർപ്പാക്കാതെ ഉണ്ട്; ഇവ തീർപ്പാക്കുന്നതിൽ കാലതാമസം എന്തെന്നു വ്യക്തമാക്കുമോ?

(ഡി) മൂന്ന് അപേക്ഷകൾ.

കൊച്ചിൻ സീ പോർട്ട് ഹോട്ടൽ, തൃശൂർ മണ്ണുത്തിയിലുള്ള മയൂര ഇൻ, നെടുമങ്ങാടുള്ള ഹോട്ടൽ ഇന്ദ്രപ്രസ്ഥ എന്നീ ഹോട്ടലുകളുടെ എഫ്.എൽ.3 ലൈസൻസിനുള്ള അപേക്ഷ നിരസിച്ചത്, ബഹു.ഹൈക്കോടതി റദ്ദുചെയ്യുകയും, ആയത് വീണ്ടും പരിഗണിക്കുന്നതിനായി ഉത്തരവായിട്ടുണ്ട്. ബാർ ലൈസൻസിനുള്ള മറ്റെല്ലാ അപേക്ഷകളും തീർപ്പാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ